**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1303** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിലെ ടൂറിസം സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (എ) | പ്രാദേശിക ജന സമൂഹത്തിനു തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാന ലക്ഷ്യം. ടൂറിസം രംഗവുമായി ബന്ധിപ്പിക്കാവുന്ന തരത്തിലുള്ള വിവിധ സംരംഭകത്വ വികസന പരിശീലനങ്ങൾ നൽകിക്കൊണ്ട്, യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് ഇവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകളുടെ നടത്തിപ്പ് പ്രാദേശിക ജനസമൂഹത്തിന് തൊഴിലും വരുമാനവും ലഭ്യമാക്കുവാൻ കാരണമാകുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഏറ്റവും പുതിയ പ്രവർത്തനമായ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ യുവജനങ്ങളെ ടൂറിസം രംഗത്ത് കൂടുതൽ ഉൾപ്പെടുത്തുന്നതിനുള്ള ഒരു പരിശ്രമമാണ്. ഇതിലൂടെ ധാരാളം യുവജനങ്ങൾ ടൂറിസം രംഗത്തേക്ക് കടന്നു വരികയും ടൂറിസം മേഖലയുടെ ഗുണഭോക്താക്കൾ ആയി മാറുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്.<br><br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നടപ്പാക്കുന്ന സ്ട്രീറ്റ് പദ്ധതി പോലുള്ള പദ്ധതികളും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന ഒന്നാകും. ക്യാമ്പസുകളിൽ ആരംഭിക്കുന്ന ടൂറിസം ക്ലബ്ബുകൾ വഴി വിദ്യാർത്ഥികൾക്ക് ടൂറിസം മേഖലയിൽ പാർട്ട് ടൈം ജോലി നൽകുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ